

# മയിലമ്മയ്ക്ക് പറയാനുള്ളത്

**മയിലമ്മ. പ്ലാച്ചിമട സമരത്തിന് മറ്റൊരു പേരായി ലോകമറിയുന്നത്. ഒരു ബഹുരാഷ്ട്ര കുത്തക കയ്യേറിയത് കുടിവെള്ളം മാത്രമല്ല. മനുഷ്യാന്തസ്സും അധികാരവും സ്വാതന്ത്ര്യവും തൊഴിലും ആരോഗ്യവും എല്ലാമാണ്. മയിലമ്മ നമ്മെ വിട്ടുപിരിഞ്ഞു. എന്നാൽ നീതിയ്ക്കായുള്ള സമരം മരിക്കുന്നില്ല. 2006 ഒക്ടോബർ 16, 23 തിയ്യതികളിൽ ആകാശവാണി തൃശൂർ നിലയം പ്രക്ഷേപണം ചെയ്ത മയിലമ്മയുടെ വാക്കുകൾ. ജ്യോതിബായ് പരിയേടത്ത് നടത്തിയ അഭിമുഖത്തിലെ ഏതാനും ഭാഗങ്ങൾ. കേട്ടെഴുതിയത് : പി.ആർ. രഞ്ജിനിയും പ്രകാശനും.**

**● പണ്ടത്തെ പ്ലാച്ചിമട, സമരത്തിന്റെ തുടക്കം?**

കുടിവെള്ളത്തിന് ക്ഷാമമില്ലായിരുന്നു. എത്ര മഴ ഇല്ലാണ്ട് പോയാലും അവിടെ കുടിവെള്ളം ഉണ്ടാകും. കിണറുണ്ട്. വീടുവിടാന്തരം കിണറുണ്ട്. നല്ല വെള്ളമാണ്. ശുദ്ധമായിട്ടുള്ള വെള്ളമാണ്. അങ്ങനെയുള്ള വെള്ളം, അങ്ങനെയുള്ള ഒരു കമ്പനി ഇവിടെ വരുമ്പോൾ എന്തു കമ്പനി എന്ന് നമുക്കറിയില്ല. എന്തോ ഒരു കമ്പനി വരുന്നുണ്ട്. നമ്മുടെ ഒരു രാഷ്ട്രീയക്കാരും ഇങ്ങനെ വാർഡ്മെമ്പർമാരുമൊക്കെ പറഞ്ഞപ്പോൾ എന്തോ ഒരു കമ്പനി വരുന്നുണ്ടെന്നാണ് ഞങ്ങൾ വിചാരിച്ചത്. അങ്ങനെ കമ്പനി വന്ന് ഒരു ആറുമാസമാകുമ്പോഴേക്കും അവിടെ പണിയൊക്കെ തുടങ്ങി കോള ഉണ്ടാക്കാൻ തുടങ്ങിയപ്പോൾ ആറുമാസത്തിന്റെയുള്ളിൽ നമ്മുടെ വെള്ളം മലിനപ്പെട്ടുപോയി.

അംഗൻവാടിയിലെ കുട്ടികൾക്കാണ് ആദ്യം പ്രശ്നം തുടങ്ങിയത്. വെള്ളം കലരില്ല. കശപ്പാണ്. വെള്ളം കശപ്പെന്നു പറഞ്ഞാൽ നമ്മൾ ചൂടുവെള്ളം ആക്കിയാൽ കള്ളിന്റെ നിറം പോലെ വരും. അങ്ങിനെയൊക്കെ ഉണ്ടായിരുന്നു. അപ്പോൾ അത് നമ്മൾക്കറിയില്ലല്ലോ. ഇത്രകാലം നമ്മള് കുടിച്ച വെള്ളം ഇങ്ങനെയൊക്കെ ആയത് നമുക്കെന്താന്ന് അറിയില്ലാന്ന് പറഞ്ഞു.

**● ആ കിണറുകളിലൊക്കെയും മലിനജലം വരാൻ തുടങ്ങിയിരുന്നുവോ?**

നല്ലവെള്ളം കൊണ്ടുവന്ന് കഞ്ഞിവെച്ച് കൊടുത്തപ്പോ കുട്ടികൾക്ക് വയറുവേദന ഇല്ല, കൈകാൽ തളർച്ചയില്ല, അങ്ങിനെയായപ്പോഴാണ് മനസ്സിലായത് ഇത്രകാലം നമ്മള് കുടിച്ച വെള്ളം ഇങ്ങിനെ അരി വേകാനില്ലാണ്ടായിപ്പോയത് എന്നു പറഞ്ഞ് ഭയങ്കര സങ്കടപ്പെട്ടിട്ട് രണ്ടര കിലോമീറ്റർ അപ്പുറത്ത് പോയി വെള്ളം കൊണ്ടുവരുമ്പോൾ ജോലിക്ക് പോകാൻ പറ്റില്ല. ജോലിക്ക് പോയാൽ വെള്ളം കിട്ടില്ല. ഇങ്ങിനെയൊക്കെ ഒരുപാട് ബുദ്ധിമുട്ടിയപ്പോഴാണ് ഇങ്ങിനെയിരുന്നാൽ ശരിയാകില്ലല്ലോ. നമുക്ക് എന്തെങ്കിലും കണ്ടെത്തണമല്ലോ.

**● എങ്ങനെയാണ് അപ്പോ സമരം ചെയ്യണമെന്ന് ഒരു ആലോചന വന്നത്?**

ആലോചന വന്നു എന്നു പറഞ്ഞാ നമ്മള് ജനിച്ച മണ്ണില് ജീവിക്കാൻ പറ്റണില്ല നമുക്ക് കുടിവെള്ളം, ജീവൻ പോകാനും സ്വീകരിക്കാനുമുള്ള കുടിവെള്ളം നമുക്ക് എന്ന് പറഞ്ഞിട്ടാണ്, നമ്മൾ ഇങ്ങനെയായിരുന്നാൽ പോര നമുക്ക് ഒരു സമരം ചെയ്യാമെന്ന് പറഞ്ഞിട്ട് ആദിവാസി സംഘടനകളൊക്കെ ഞങ്ങൾ ആലോചിച്ച് തീരുമാനിച്ചു.

**● ആർക്കാ അതിനെക്കുറിച്ച് ഒരു തോന്നലുണ്ടായത്?**

ഇത്രകാലം ഇവിടെ ഈ അമ്പത് അമ്പത്തഞ്ച് കൊല്ലം കുടിച്ച വെള്ളം ഇങ്ങനെ മലിനപ്പെട്ടുപോയി ഈ ആറ് മാസത്തിന്റെയുള്ളിൽ. അപ്പ ഈ രാഷ്ട്രീയ മറിയാണ് നമ്മുടെ ഒരു പഞ്ചായത്ത് അറിയാണ്ട് ഇവിടെ കമ്പനി വരില്ല. അപ്പോ നമുക്ക് പഞ്ചായത്തിലൊരു മാർച്ച് നടത്തിയാ നമുക്ക് വിവരം എന്താണെന്ന് കിട്ടുമെന്ന് പറഞ്ഞിട്ട് പഞ്ചായത്തിലേക്ക് ഒരു മാർച്ച് നടത്തിയതാ. മാർച്ച് നടത്തിയപ്പോഴാണ് നമ്മള് പറഞ്ഞ നമ്മളിവിടെ വെച്ചാ ഒരു പഞ്ചായത്ത് എന്നു പറഞ്ഞ് മക്കള് വെച്ച പഞ്ചായത്താ 5 കൊല്ലത്തിലൊരിക്കെ ഇവിടെ ഇലക്ഷൻ വരുമ്പോൾ എനിക്ക് വോട്ട് വേണമെന്നു പറഞ്ഞ് ചോദിച്ചാ ഞങ്ങൾക്ക് വെള്ളം തരാം തരാം അതുതരാം ഇതുതരാം പറഞ്ഞിട്ട് ഇങ്ങനെ ഓട്ടും മേടിച്ചിട്ട് പോയി നമുക്ക് ഒരു കുന്തോം ചെയ്തിട്ടില്ല. അങ്ങനെ മേടിച്ചിട്ട് പോയവരുടെ നമുക്ക് കേൾക്കാനുള്ള ന്യായമുണ്ട്. നിങ്ങൾ ഇത് പറഞ്ഞിട്ട് ഓട്ട് മേടിച്ചിട്ട് പോയില്ലേ....

**● ഇങ്ങനെ ഒരു സമരം തുടങ്ങാൻ പുറത്തുനിന്നുള്ള സഹായം, ആൾസഹായം, ഉപദേശം അങ്ങനെ വല്ലതും കിട്ടിയോ?**

ഇല്ല.. ഇല്ല.. അവിടെയുള്ള കമ്പനിചുറ്റും ഉള്ള കോളനി, 25 കോളനി ഉണ്ട്. ഈ 25 കോളനിക്കാരാണ് നമ്മൾ തീരുമാനിച്ചത്.

**● എങ്ങനെയാ സമരം തുടങ്ങിയത്? രാഷ്ട്രീയക്കാർ അതിൽ ഇടപെട്ടുവോ?**

രാഷ്ട്രീയക്കാര് പറഞ്ഞു. നമ്മൾ സമരം തുടങ്ങുമ്പോ രാഷ്ട്രീയക്കാര് എല്ലാവരും അവർക്ക് സപ്പോർട്ട് അല്ലേ. പിന്നെ നമ്മള് പഞ്ചായത്തിലേക്ക് മാർച്ച് നടത്തിയ ശേഷമാണ്. പിന്നെ നമ്മളേനെ തീവ്ര

വാദിയൊക്കെയുണ്ടാക്കാനാണ് ഈ ആദിവാസികൾ ഇവിടെ പ്ലാച്ചിമടയിൽ ഈ സമരം തുടങ്ങിയതെന്ന് പറഞ്ഞിട്ട്. ഉടുതുണിക്ക് മറുതുണിയില്ലാത്ത ഒരു സമരം ചെയ്തിട്ട് എവിടെയും എത്തില്ലാന്ന് പറഞ്ഞിട്ട് രാഷ്ട്രീയക്കാർ നമ്മുടെ കൂടെ എതിർത്തത്. അപ്പോ എതിർത്തപ്പോ നമ്മൾ പഞ്ചായത്തിലേക്ക് നമ്മൾ വെച്ച മക്കൾ വെച്ച പഞ്ചായത്താണ്. പഞ്ചായത്തിലുള്ളത് നമ്മുടെ വാർഡില് എന്നാണ് ലിസ്റ്റിൽ എന്താണ് എന്നു പറഞ്ഞ് മെമ്പർമാർ പറയണ്ട ആവശ്യമാണ്. അവരാണ് അവര് ഇത് പറയില്ലെന്നു പറഞ്ഞാ പിന്നെ ഇവിടെ ജീവിച്ചിട്ട് കാര്യമില്ലല്ലോ. **നമ്മള് ജനിച്ച മണ്ണിൽ ജീവിക്കണെമല്ലോ. അത് പറഞ്ഞിട്ടാണ് അങ്ങനെ ഞങ്ങൾ മരിച്ചാലും ശരി ജീവിച്ചാലും ശരി നമുക്കൊരു കുടിവെള്ളം നമുക്ക് കിട്ടണംന്ന് പറഞ്ഞിട്ടാണ് നമ്മൾ കുടിവെള്ളത്തിനുവേണ്ടി സമരം തുടങ്ങിയതും സമരത്തിന് ഇരുന്നതും.**

4 വർഷം പറഞ്ഞാ ഇപ്പോ ലണ്ടൻന്ന് ബിബിസി വന്നിട്ട് നമ്മുടെ വെള്ളോം മണ്ണുമൊക്കെ ടെസ്റ്റ് നോക്കീലോ. ടെസ്റ്റ് നോക്കിയ ശേഷാണ് മനസ്സിലാക്കീത് ഈ വെള്ളത്തില് കുടിക്കാൻ പാടില്ല കുളിക്കാൻ പാടില്ല എങ്ങനേം തകരാറാണെന്ന് പറഞ്ഞിട്ട് റിപ്പോർട്ട് തന്നിട്ടുണ്ട്. എല്ലാർക്കും വീട് വീടാന്തരം കിണർ ഉണ്ടല്ലോ. അവരുടെ ലിസ്റ്റ് നോക്കീട്ട് എല്ലാവർക്കും ഒരു ലിസ്റ്റ് തന്നിട്ട് പോയി. അതേപോലെ ഈ റിപ്പോർട്ടും അവർ പറഞ്ഞപോലെ തന്നെ അവിടെ മാസ പൊളി കുട്ടികൾ മാസം 7 മാസം 8 മാസം ഇതന്ന് അലസിപോവുക. കന്ന് മാടടക്കം ഈ വെള്ളം കുടിച്ചിട്ട് അലസി പോയിട്ടുണ്ട്. പിന്നെ ഒരു കുട്ടി സെൽവി എന്ന് പറഞ്ഞ് അംഗനവാടിയിലെ തൊട്ടടുത്ത് ഇങ്ങനെ മാസം 10 മാസം തെകഞ്ഞ് ഒരു കുട്ടിയെ പ്രസവിച്ചു. പ്രസവിച്ച കുട്ടി മൂന്ന് ദിവസം ഉണ്ടാരുന്നു. ആ കുട്ടിയാണ് മൂക്കിൽ ചോര വന്നിട്ട് കുട്ടി മരിച്ചു. ഈ റിപ്പോർട്ടിന്റെ വേറെ കാര്യമുണ്ടെന്ന് പറഞ്ഞിട്ട് ഞങ്ങൾ കുട്ടീടെ പാലക്കാട് ജില്ലാ ആസ്പത്രിയിൽ കൊണ്ടുചെന്നിട്ട് പോസ്റ്റുമാർട്ടം കഴിച്ച് നോക്കിയപ്പോ കരളുമില്ല രണ്ട് കിഡ്നിയുമില്ല. പിന്നെയെങ്ങനെയാള് ജീവിക്കണത്.

**● വേദനിപ്പിക്കുന്ന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ?**

സങ്കടം തന്നെ. നമ്മൾ സമരത്തിന് ഇറങ്ങണത്. നാലാൾക്കാര് വരണു. സമരം നോക്കണു. സമരപ്പന്തലിൽ നമ്മൾ കഞ്ഞിവെച്ച് കൊടുത്ത് വെറും കഞ്ഞിവെച്ച് കൊടുത്താ പോരാ. നമ്മുടെ കുടുമ്മത്തിലുള്ള പോലെ സാധനങ്ങള് ഒക്കെ മേടിച്ചിട്ട് നമ്മള് ...

ഞങ്ങളുടെ വരുമാനംന്ന് പറഞ്ഞാ ഒരു കുടുംബത്തിലെ ഈരണ്ടാള് മുന്നാളുള്ളവര് ഒരാള് സമരത്തിൽ പങ്കെടുക്കുക. ബാക്കിയുള്ളവർ ജോലിക്ക് പോവുക. അങ്ങനെ ജോലിക്ക് പോവുമ്പോ നമ്മളുടെ പന്തലിലെ ഒരുപാട് കഷ്ടം വരുമ്പോ ജോലിയ്ക്ക് പോണവര് 5-10 എടുത്തിട്ട് ഇങ്ങനെ പിരിച്ച് നമ്മടെ ഇപ്പോ പന്തലില് കഞ്ഞിവെച്ച് കൊടുക്കലും ഇങ്ങനെ നോക്കല് ഇങ്ങിനെ ഇരിയ്ക്കല് ഇങ്ങിനെയാണ്.

**● പുറത്തുനിന്നുള്ളവരുടെ സാമ്പത്തിക സഹായം കിട്ടിയിട്ടുണ്ടോ?**

ഇല്ല.

**● കോടതി നടപടികൾ?**

ഹൈക്കോടതിവിധി ഒന്നും നമ്മള് വിശ്വസിക്കാനില്ലല്ലോ. ഗവർമെണ്ടിനെയല്ലേ നമ്മള് വിശ്വസിക്കേണ്ടത്. ഗവർമെന്റ് നടപടി എടുത്താ നമ്മള് പരിപൂർണ്ണം നമ്മള് വിശ്വസിക്കുന്നുണ്ട്.

**● ഏതു രീതിയിനിറപ സമരം തുടരാനാണ് പരിപാടി?**

ഏതുരീതിലെന്നു പറഞ്ഞാ ഇനി കമ്പനി തുറക്കാനുള്ള അനുവദിക്കില്ല. അടച്ചുപൂട്ടി പ്ലാച്ചിമട വിട്ടു പോണം.

**നമ്മളുടെ ലോകം അറിഞ്ഞ് എല്ലാ മക്കളുക്കും ഇത് അറിഞ്ഞിട്ട് അത് പഠിയ്ക്കണം. സമരം എങ്ങിനെയാണെന്ന് പഠിയ്ക്കണം. അതുകൊണ്ടാണ് എല്ലാരിക്കും ആലോചിയ്ക്കണം. എന്ന് പറഞ്ഞിട്ട് നമ്മുടെ മനസ്സിൽ ഒരു വേദന. കുടിവെള്ളം എല്ലാ ഭാഗത്തും മലിനപ്പെടാൻ പാടില്ല. നമുക്ക് ഒരവകാശമുള്ള കുടിവെള്ളം ഇവിടെ മലിനപ്പെട്ടപോലെ എല്ലാ ഭാഗത്തും മലിനപ്പെടാൻ പാടില്ല. നമ്മുടെ മക്കൾ നന്നാകണംന്ന് പറഞ്ഞിട്ടാണ് നമ്മൾ ആലോചിച്ചിട്ട് സമരം അനുഭവിച്ചത്.**

ഇങ്ങനെയൊരു ധാരണയെന്നു പറഞ്ഞാ ഇത് ഒരു കൊല്ലമോ രണ്ടുകൊല്ലമോ കഴിഞ്ഞ് പോകുന്ന സമരമല്ല. പത്തിരുപത്തഞ്ച് കൊല്ലമാകണ്ട സമരമാണെന്നൊക്കെ....

പിന്നെ പോലീസ് ഭീഷണിയൊക്കെയുണ്ടാരുന്നു. പിന്നെ ജോലിക്കാര് ഭീഷണിപ്പെടുത്തി. എന്നാലവർ അറിയാണ്ടാണ് ഇതൊക്കെ ചെയ്തതെന്നാ പിന്നെ ഇതൊക്കെ പഠിച്ചപ്പോ നമ്മുടെ പക്ഷത്ത്...

**● ഭീഷണികൾ ഉണ്ടായിട്ടില്ലേ. അതുപോലെതന്നെ എന്തെങ്കിലും തരാന്ന് പറഞ്ഞ് പ്രലോഭിപ്പിക്കുക സമരത്തിൽ നിന്ന് പിൻമാറാൻ?**

അങ്ങിനെയില്ല.

ആദിവാസികൾ മാത്രം ഈ സമരം ചെയ്ത് സ്വീകരിയ്ക്കണംന്ന് മരിയ്ക്കണംന്ന് എന്ന് ഒന്നും അവകാശം ഇല്ലല്ലോ.

**● ആദിവാസികൾക്കുവേണ്ടി ആദിവാസികൾ തന്നെ പ്രയത്നിക്കണം. മറ്റുള്ളവരുടെ സഹായം വരണില്ല എന്ന തോന്നലുണ്ടോ?**

ഇല്ലേയില്ല. മറ്റുള്ളവരെല്ലാം സഹായിക്കണ്ണ്ട്. നമ്മള് വെറുതെ പറയാൻ പാടില്ല. നമുക്ക് പൈസ കൊണ്ട് സഹായിയ്ക്കാണ്ട് പോയാൽ ആളുകൊണ്ട് സഹായങ്ങളുണ്ട്.

*(അപൂർണ്ണം)*

**അധികവായനയ്ക്ക്: മയിലമ്മ ഒരു ജീവിതം**

പ്ലാച്ചിമടയിലെ സമരനായിക മയിലമ്മയുടെ ആത്മകഥാഖ്യാനം (ജീവിതകഥ) തയ്യാറാക്കിയത്. ജ്യോതീഭായി പരിയാടത്ത്. പേജ് 90, വില 40 രൂപ, മാതൃഭൂമി ബുക്സ്